"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ഡിഎ1/72/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-02-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരള സദസ്സ് 2023 - പ്രഭാത യോഗത്തിലെ നിർദ്ദേശങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നത് - ഗവേഷണസ്ഥാപനങ്ങളെ പ്രോജക്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. സ.ഉ.(കൈ) നം.198/2023/തസ്വഭവ, തീയതി 13.11.2023

**********************

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ (2022-2027) വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 1-3 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 4 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യം വെച്ചുകൊണ്ടാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഇതിനായി പദ്ധതികൾ രൂപീകരിക്കുമ്പോൾ, ആവശ്യമുള്ളവയ്ക്ക് ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സാങ്കേതിക സഹായം ഉറപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രോജക്ട് തയ്യാറാക്കുന്നതിന് പഠന ഗവേഷണ സ്ഥാപനങ്ങൾ ഉൾപ്പടെ വിവിധ സ്റ്റേക്ക്ഹോൾഡർമാരുമായുള്ള കൂടിയാലോചനകൾ സംഘടിപ്പിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വ്യവസായം എന്നീ മേഖലകളിലെ ഉൽപാദനവും ഉൽപ്പാദന ക്ഷമതയും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ വർദ്ധിപ്പിക്കുന്നതിനായി സർവകലാശാലകൾ, ശാസ്ത്ര-സാങ്കേതിക/ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിയ്ക്കുന്നതിനുള്ള പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കുന്നതിനും കാലാവസ്ഥാ പഠനകേന്ദ്രങ്ങൾ/ ഗവേഷണ ഏജൻസികൾ എന്നിവയിൽ നിന്നുമുള്ള വിവരങ്ങൾ അടിസ്ഥാനമാക്കുന്നതിനും അനുമതിയുണ്ട്.

മേൽ പ്രകാരം മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത് അനുസരിച്ച്, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സേവനം തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്കായുള്ള പ്രൊജക്റ്റ് രൂപീകരണത്തിന് പ്രയോജനപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 07-02-2024 17:13:59

സെക്ഷൻ ഓഫീസർ.